# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1678 14.07.2016-ൽ മറുപടിയ്ക്ക്

## ലൈസൻസ് ഇല്ലാത്തവർ നടത്തുന്ന വയറിംഗ് ജോലികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ലൈസൻസ് ഇല്ലാത്തവർ നടത്തുന്ന വയറിംഗ് ജോലികൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അനധികൃത വയറിംഗ് ക്രിമിനൽ കുറ്റമാണെന്നും അതിനെതിരെ പോലീസ് നടപടി സ്വീകരിക്കാമെന്നും ലൈസൻസിങ്ങ് ബോർഡ് സർക്കുലർ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) ഉണ്ട്. ലൈസൻസില്ലാത്ത ആൾക്കാർ വയറിംഗ് ചെയ്യുന്നതു മൂലം ജനങ്ങളുടെ സ്വത്തിനും ജീവനും അപകടം സംഭവിക്കമെന്നതിനാൽ ഇത് ക്രിമിനൽ കുറ്റമാണെന്നും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കാവുന്നതാണെന്നും ലൈസൻസിംഗ് ബോർഡ് 05/05/2006 ൽഇറക്കിയ സർക്കുലറിൽ പ്രതിപാദിക്കുന്നുണ്ട്. |
| (സി) എന്നാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അപര്യാപ്തതമൂലം പ്രസ്തുത സർക്കുലർ വഴി പ്രതീക്ഷിച്ച പോലീസ് നടപടികൾ ഫലപ്രദമായി സ്വീകരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) പ്രസ്തുത സർക്കുലറിന് നിയമപരമായ പിൻബലമുള്ളതായി കാണുന്നില്ല. |
| (ഡി) ലൈസൻസ് ഇല്ലാത്ത വയറിംഗ് ജോലികൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (ഡി) 29-01-2015-ലെ ജി.ഒ (എം. എസ്) നമ്പർ 4/2015/പി.ഡി പ്രകാരം അനധികൃത വയറിംഗ് നിയന്ത്രിക്കുന്നതിനു വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി രൂപീകരിക്കുന്നതിന് ചീഫ് ഇലക്ട്രിക്കൽ ഇൻ സ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം 14 ജില്ലകളിലും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ. എസ്. ഇ. ബി ചെയർമാനായും, ഇലക്ട്രിക്കൽ ഇൻ സ്പെക്ടറെ |

കൺവീനറായും ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (അഡ്മിനിസ്ട്രേഷൻ), ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാൻഡിംഗ് കമ്മിറ്റി മെമ്പർമാർ, ബി ക്ലാസ് & സി ക്ലാസ് കോൺട്രാക്ടർമാരുടെ പ്രതിനിധികൾ, ഇലക്ട്രിക്കൽ സൂപ്പർവൈസർമാരുടെയും വയർമാൻമാരുടെയും പ്രതിനിധികൾ എന്നിവരെ ഉൾ പ്പെടുത്തി കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി. ഈ കമ്മിറ്റികൾ മൂന്ന് മാസത്തിലൊരിക്കൽ കൂടുകയും പരാതികൾ വിശകലനം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. അനധികൃതമായി വയറിംഗ് ചെയ്യുന്നവർക്കു വേണ്ടി കെ. എസ്. ഇ. ബി. യിൽ പൂർത്തീകരണ റിപ്പോർട്ട് നൽകുന്ന കോൺട്രാക്ടറുടെ പേരിലും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് ചട്ടപ്രകാരം നടപടി സ്വീകരിച്ചു വരുന്നു.

Hemalatha

**സെക്ഷൻ ഓഫീസർ.**